ആയതിനാൽ ഓഡിറ്റിന് പഞ്ചായത്ത് വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഒരു പാനൽ തയ്യാറാക്കേണ്ട ആവശ്യം വരുന്നില്ല. ഗ്രാമപഞ്ചായത്തുകളിലെ പെർഫോർമൻസ് ഓഡിറ്റിന് ഇപ്പോൾ തന്നെ പഞ്ചായത്തുവകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

പെർഫോർമൻസ് ഓഡിറ്റ് ഏജൻസികൾ

96 (2894)ശ്രീ. ജോർജ്.ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വരവു ചെലവു കളുടെ ത്രൈമാസ പെർഫോർമൻസ് ഓഡിറ്റിനും, വാർഷിക ഓഡിറ്റിനും നിലവിൽ എത്ര ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പെർഫോർമൻസ് ഓഡിറ്റ് ഏജൻസികൾ, പഞ്ചാ യത്ത്രാജ്-നഗരപാലിക സ്ഥാപനങ്ങളുടെ പെർഫോർമൻസ് ഓഡിറ്റ് ആരംഭി ച്ചത് എന്നാണ്; അവർ 1997-98 സാമ്പത്തിക വർഷം എത്ര ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, നഗരസഭ, മുനിസിപ്പൽ കോർപ്പറേ ഷൻ, ടൗൺ പഞ്ചായത്ത് എന്നിവയുടെ ഓരോന്നിന്റെയും പെർഫോർമൻസ് ഓഡിറ്റ് നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 1997-98 വർഷത്തെ പഞ്ചായത്ത്രാജ്-നഗരപാലിക സ്ഥാപന ങ്ങളുടെ കണക്കുകളെ സംബന്ധിക്കുന്ന വാർഷിക ഓഡിറ്റ് നടത്തിയ ഏജൻസികൾ ഏതെല്ലാമാണെന്നും അവർ എത്ര പഞ്ചായത്ത്രാജ്, നഗരപാ ലിക സ്ഥാപനങ്ങളിൽ ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ടെന്നും തരംതിരിച്ചു വ്യക്തമാക്കുമോ;

(ഡി) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കണക്കുകൾ പരിശോധി ക്കുന്ന വിവിധ ഓഡിറ്റ് ഏജൻസികൾ നടത്തുന്ന പരിശോധന ഏകീകരിച്ച് ഒരു ഓഡിറ്റ് ഏജൻസിയുടെ കീഴിൽ കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കു ന്നുണ്ടോ;

(ഇ) എങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത ഏജൻസി ഏതാണെന്നും ആയത് എന്ന ത്തേയ്ക്ക് നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) മൂന്ന് മാസത്തിലൊരിക്കലുള്ള പെർഫോർമൻസ് ഓഡിറ്റ്, ലോക്കൽ ഫണ്ട് ഓഡിറ്റ്വകുപ്പ് മുഖേനയുള്ള സ്റ്റാറ്റ്യൂട്ടറി ആഡിറ്റ്, ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ അന്വേഷണം, അക്കൗണ്ടന്റ് ജനറ ലിന്റെ പ്രത്യേക ഓഡിറ്റ് എന്നിവയാണ് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ക്രമ ക്കേടുകളെപ്പറ്റി അന്വേഷിക്കുവാൻ നിലവിലുള്ള ഏജൻസികൾ.

(ബി) 11.7.97-ലെ സ.ഉ.(റെക)172/97/തഭവ നമ്പർ സർക്കാർ ഉത്തരവു പ്രകാരം രൂപീകൃതമായ പെർഫോർമൻസ് ഓഡിറ്റ് വിഭാഗങ്ങൾ മിക്കവാറും എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ഒരുവട്ടം പെർഫോർമൻസ് ഓഡിറ്റ് നടത്തിയിട്ടുണ്ട്.

(സി) പെർഫോർമൻസ് ഓഡിറ്റ് വിഭാഗം, ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് വിഭാഗം, അക്കൗണ്ടന്റ് ജനറൽ എന്നി

LIBRARY ARCHIVES Kerala Legislative Assembly

വരുടെ ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്. 1214 തദ്ദേശഭരണ സ്ഥാപനങ്ങളിൽ മിക്കവാറും എല്ലാ സ്ഥാപനങ്ങളിലും പരിശോധന പൂർത്തിയായിട്ടുണ്ട്. ഇവയുടെ തരംതിരിച്ചുള്ള വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല.

(ഡി) ഉണ്ട്.

(ഇ)&(എഫ്) 1214 തദ്ദേശഭരണ സ്ഥാപനങ്ങൾ ഓഡിറ്റ് ചെയ്യുന്നതിനു വേണ്ടി ഒരു സ്വതന്ത്ര ആഡിറ്റ് കമ്മിഷനെ നിയമിക്കണമെന്ന് അധികാര വികേന്ദ്രീകരണ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ഈ വിഷയത്തിന്മേൽ അന്തിമ റിപ്പോർട്ട് കമ്മിറ്റി സമർപ്പിച്ചിട്ടില്ല. കമ്മിറ്റിയുടെ അന്തിമറിപ്പോർട്ട് ലഭിച്ചശേഷം മേൽനടപടി കൈക്കൊള്ളുന്നതാണ്.

പഞ്ചായത്തുകളുടെ പെർഫോർമൻസ് ഓഡിറ്റ്

97 (2895) ശ്രീ. കെ. മുഹമ്മദാലി :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതി നിലവിൽവന്നശേഷം ഇതിനകം സംസ്ഥാനത്തെ ഏതെല്ലാം പഞ്ചായത്തുകളുടെ പെർഫോർമൻസ് ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(ബി) ഈ ഓഡിറ്റ് സംബന്ധിച്ച റിപ്പോർട്ടുകളിൽമേലുള്ള പരിശോധനയ്ക്കുവേണ്ടി തദ്ദേശ സ്വയംഭരണവകുപ്പ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മിക്കവാറും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഓരോവട്ടം പെർഫോർമൻസ് ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്.

(ബി) ഓഡിറ്റ് റിപ്പോർട്ടുകളുടെ പരിശോധനയ്ക്കുവേണ്ടി തദ്ദേശഭരണ വകുപ്പിൽ പുതിയതായി ഒരു സെക്ഷൻ രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ജനകീയാസൂത്രണ പദ്ധതി പ്രവർത്തനങ്ങളിലെ പോരായ്മകൾ

98 (2896) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻമാസ്റ്റർ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻവർഷങ്ങളിൽ ജനകീയാസൂത്രണ പദ്ധതി പ്രവർത്തനങ്ങളിലെ എന്തെല്ലാം പോരായ്മകളാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്;

(ബി) ഈ പോരായ്മകൾ പരിഹരിക്കുവാൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly